# MESSAGE OF KHALIFATHULLAH
## HAZRAT MUNIR AHMAD AZIM (A)
## 09 February 2019
## 04 Jamad'ul Aakhir 1440 AH

*Tharbiyath / Talim Meeting Noorul Islam Masjid, Mathra*

പ്രീയ അനുചരന്മാരെ,

അസ്സലാമു അലൈക്കും വ: റഹമത്തുല്ലാഹി വ ബർക്കാത്തുഹു ഇന്ന് നിങ്ങളുടെ തർബിയ്യത്ത്/തഅ്ലീം നടക്കുകയാണല്ലോ. ഇന്ന് ഞാൻ നിങ്ങളോട് പ്രാർത്ഥന (നമസ്ക്കരാം)യുടെയും ധനത്യാഗ ത്തിന്റെ ആവശ്യകതയെകുറിച്ച് പ്രാധാന്യത്തെക്കുറിച്ച് സംസാരിക്കു വാൻ ആഗ്രഹിക്കുകയാണ്.

നിങ്ങൾ മനസ്സിലാക്കേണ്ട ഒരു കാര്യം നമസ്ക്കാരം എന്നത് അല്ലാ ഹുവിനോടുള്ള നിങ്ങളുടെ ഉത്തരവാദിത്വം മാത്രമല്ല, മറിച്ച്, അല്ലാ ഹുമായുള്ള നിങ്ങളുടെ യഥാർത്ഥബന്ധം അരക്കിട്ടുറപ്പിക്കുന്നതിനുള്ള വഴി കവാടം കൂടിയാണത്.

വിശുദ്ധഖുർആൻ, ഭൂമിയിൽ രണ്ടു സ്വർഗ്ഗങ്ങൾ ഉള്ളതായി പ്രതി പാദിക്കുന്നു. ഒന്ന് ഭൂമിയിലെ ആരാമമാകുന്നു. മറ്റേത് നമസ്ക്കാര ത്തിലെ ആസ്വാദനമാകുന്നു. (ആത്മീയാരാമം) ഇക്കാര്യത്തിൽ ചിന്തി ക്കുവാൻ വകയുണ്ട്. ഈ രണ്ടു ലോകങ്ങൾക്കിടയിൽ നിഗൂഢമായ ഒരു ബന്ധമുണ്ട്. അതുകൊണ്ടാണ് നാം നമസ്ക്കാരത്തിന് വളരെ വലിയ ഊന്നൽ നല്കുന്നത്. ജീവിക്കണോ, അതോ മരിക്കണോ അതാ ണിവിടത്തെ ചോദ്യം. മുസ്ലിംകളുടെ ഭാവിയുമായി ബന്ധപ്പെട്ടിരിക്കുന്ന

ഒരു പ്രശ്നമാണിത്. നാമിപ്പോൾ ഒരു പുതുനൂറ്റാണ്ടിലാണ്. നമസ്ക്കാരം നിർവ്വഹിക്കാത്ത ഒരു ജനതയായി നാം മുന്നോട്ടു പോകുകയാണെങ്കിൽ നാം ഭാവി തലമുറയെ ഒരു അപായ സ്ഥിതിയിൽ കൊണ്ടെത്തിക്കുകയാണ് ചെയ്യുന്നത്.

നമസ്ക്കാരം എന്നത് ഒരു തുടർച്ചക്കുറി ആയിരിക്കണം. അതു നൂറ്റാണ്ടുകളെ കൂട്ടിച്ചേർക്കുന്നതായിരിക്കണം. ഈ അതിമഹത്തായ ജോലി നിർവ്വഹിക്കുന്നതിന്, നമസ്ക്കാരം നിർവ്വഹിക്കാത്തവരെ നമസ്ക്കാരം നിർവ്വഹിക്കുന്നവരാക്കി മാറ്റണം. അങ്ങനെ നാം അവരുടെ നമസ്ക്കാരത്തെ ദൈവസ്മരണ കൊണ്ട് നിറയ്ക്കണം. ഇത് നിർവ്വഹിക്കുവാൻ നാം വളരെയേറെ പ്രയത്നിക്കേണ്ടതുണ്ട്. നാം ഇതു ചെയ്യേണ്ടത് ഹൃദയംഗമമായിട്ടായിരിക്കണം. അല്ലാഹുവിന്റെ തൃപ്തിയ്ക്കുവേണ്ടി മാത്രമായിരിക്കണം. അല്ലാഹു(ത)യും അവന്റെ പ്രവാചകൻ മുഹമ്മദ് (സ)യും പഠിപ്പിച്ച നിലയിൽ തന്നെ ആയിരിക്കണം പ്രാർത്ഥിക്കേണ്ടത്. അതായത് വിനയത്തോടെയും ഊഷ്മളവികാരത്തോടെയും അങ്ങനെ ആയാൽ മാത്രമെ നമ്മുടെ പ്രാർത്ഥനയെ അവൻ കൈകൊള്ളുകയുള്ളു.

പ്രാർത്ഥനയ്ക്ക് അസാധാരണമായ ശക്തിയാണുള്ളത്. ചിലപ്പോൾ നമുക്ക് ആവശ്യത്തിന് സമയം കിട്ടാതെ വരും. നമ്മുടെ ജോലികൾ ചെയ്തു തീർക്കുവാൻ! അപ്പോൾ നാം അല്ലാഹുവിനോട് സമയത്തിനായി അർത്ഥിക്കുക. കാരണം അവനാണ് സമയത്തിന്റെ ഉടമസ്ഥൻ! അങ്ങനെ നമുക്ക് നമ്മുടെ ജോലി പൂർത്തിയാകുന്നതാണ്. ദുആയിലൂടെ നമുക്ക് സമയം ലഭ്യമാകുന്നതാണ്. ദുർബലർക്ക് ദുആയിലൂടെ വളരെയധികം പ്രയോജനങ്ങൾ ആർജ്ജിക്കുവാൻ സാധിക്കുന്നതാണ്.

ദുആയിലൂടെ നാം അല്ലാഹുമായി നമ്മുടെ ബന്ധം സ്ഥാപിക്കേണ്ടതാണ്. അപ്പോൾ നാം എല്ലാ നിലയിലും വിജയത്തിൽ നിന്നും

വിജയത്തിലേക്ക് കുതിക്കുന്നതാണ്. നമസ്ക്കാരം അല്ലാഹുവിനോടുള്ള ഒരർത്ഥനയാണ്. എല്ലാ പ്രയാസങ്ങളിൽ നിന്നും എല്ലാ തിന്മകളിൽ നിന്നും അല്ലാഹു അവരെ മുക്തമാക്കുന്നതാണ്. മനുഷ്യൻ ശാശ്വത മായ അന്വേഷണത്തിലായിരിക്കേണ്ടതാണ്. പ്രതീക്ഷ പുലർത്തി ക്കൊണ്ടിരിക്കേണ്ടതാണ്. അല്ലാഹുവിന്റെ തൃപ്തി അവന് ലഭിക്കു മെന്നും അവന്റെ ബുദ്ധിവൈഭവും കൊണ്ടോ, മറ്റിതര കഴിവു കൾകൊണ്ടോ അതുനേടാവതല്ല. അവനത് ലഭിക്കുന്നത്, ദൈവംഅ വന് നല്കണമെന്നുദ്ദേശിക്കുമ്പോൾ മാത്രമാണ്! അനേകർ കരുതുന്ന ത്, അവരുടെ കഴിവ് കൊണ്ട്, തിന്മകളിൽ നിന്ന് അവർക്ക് മുക്തിനേ ടാമെന്നാണ്. എന്നാൽ അവർ എപ്പോഴും അതിൽ വശംവദരായിതീ രുകായാണ് ചെയ്യുന്നത്. ദൈവസഹായമില്ലാതെ നമുക്ക് തെറ്റിൽ നിന്നും ദൂരപ്പെടാവതല്ല.

നാം ലോകത്തെ ഉണർത്തുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ, അവർക്കൊരു ദൃഷ്ടാന്തം കാണിക്കുവാൻ ഉദ്ദേശിക്കുകയാണെങ്കിൽ, ഖിയാമത്തിന്റെ ഒരു മാതൃക കാണിക്കുവാൻ ആഗ്രഹിക്കുന്നുവെങ്കിൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിന്റെ സത്യത സ്ഥാപിക്കുവാൻ ഉദ്ദേശി ക്കുന്നുവെങ്കിൽ, സൂര്യപ്രകാശം പോലെ വ്യക്തതയോടെ എല്ലാ അന്ധ കാരങ്ങളെയും നീക്കം ചെയ്യുവാൻ ഉദ്ദേശിക്കുന്നുവെങ്കിൽ, നാം ഉണര ണം, നമസ്ക്കാരം നിർവ്വഹിക്കണം, അതിലൂടെ മാത്രമെ നമുക്കീ കാര്യ ങ്ങളിൽ വിജയിക്കുവാൻ സാധിക്കുകയുള്ളു. നമസ്ക്കാരത്തോടൊപ്പം, അല്ലാഹുവിന്റെ മാർഗത്തിൽ നാം ധാരാളം ത്യാഗങ്ങൾ അനുഷ്ഠി ക്കേണ്ടതായിട്ടുണ്ട്. പ്രസ്തുത ത്യാഗങ്ങളിൽപെട്ടതാണ് സാമ്പത്തിക ത്യാഗം. നിങ്ങൾ ശ്രദ്ധിക്കേണ്ട ഒരു കാര്യം അല്ലാഹുവിന്റെ ദൂതൻ എന്ന നിലയിൽ, ഖലീഫത്തുല്ലാഹ് എന്ന നിലയിൽ ഞാൻ നിങ്ങളെ ഓർമ്മപ്പെടുത്തിക്കൊണ്ടിരിക്കുവാൻ ആഗ്രഹിക്കുകയാണ്. ധനത്യാഗ ത്തെക്കുറിച്ച് ! ഒരു ജമാഅത്തിന്റെ പുരോഗതിക്ക് ധനത്യാഗം വളരെ

അത്യാവശ്യമാണ്. അല്ലാഹു(ത) വിശുദ്ധഖുർആനിൽ, നോക്കൂ! നമസ്ക്കാരത്തോടൊപ്പം സക്കാത്തിനെക്കുറിച്ചും പരാമർശിക്കുന്നു. ആയതിനാൽ ഒരു വിശ്വാസിയുടെ ജീവിതത്തിൽ വളരെ പ്രാധാന്യത്തോടെ നല്കേണ്ട കാര്യമാണ് സക്കാത്ത്. വിശുദ്ധഖുർആനിൽ അല്ലാഹു (ത) പറയുന്നു. വിശ്വസിക്കുകയും സൽക്കർമ്മങ്ങൾ ചെയ്യുകയും നമസ്ക്കാരം മുറപ്രകാരം നിർവ്വഹിക്കുകയും സക്കാത്ത് നല്കുകയും ചെയ്യുന്നവർ, അവർക്ക് തങ്ങളുടെ നാഥന്റെ അടുക്കൽ അവരുടെ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവും ഉണ്ടായിരിക്കുകയില്ല. അവർ ദുഃഖിക്കുന്നതമല്ല. 2:278

നമ്മുടെത്, ദൈവീകമായി രൂപികരിച്ചു, ഒരു ജമാഅത്താണ്. ഇപ്പോൾ നാം ഒരു മൊട്ടിട്ട അവസ്ഥയിലാണ്. അല്ലാഹു(ത) വീണ്ടും വീണ്ടും എന്നോടു പറഞ്ഞുകൊണ്ടിരിക്കുന്നു. നിങ്ങളോടു പറയുവാൻ ആവർത്തിച്ചു നിർദ്ദേശിച്ചു കൊണ്ടിരിക്കുന്നു. എല്ലാ അനുചരന്മാരോടും നിങ്ങൾ സാമ്പത്തികമായ ത്യാഗം ചെയ്യുക എന്ന്!

നിങ്ങൾ ഒരു കാര്യം മനസ്സിലാക്കിക്കൊള്ളുക, നിങ്ങളുടെ ധനവും മറ്റു വിലപിടുപ്പുള്ള വസ്തുക്കളും അല്ലാഹുവിന്റെ വഴിയിൽ ത്യാഗം ചെയ്താൽ നിങ്ങൾക്കൊരിക്കലും നഷ്ടം സംഭവിക്കുകയില്ല. അല്ലാഹു(ത) വിശുദ്ധഖുർആനിൽ പറയുന്നു.

രഹസ്യമായും, പരസ്യമായും (അല്ലാഹുവിന്റെ മാർഗത്തിൽ) രാവും പകലും തങ്ങളുടെ ധനം ചെലവുചെയ്യുന്നവർ, അവർക്ക് അവരുടെ നാഥന്റെ അടുക്കൽ അവരുടെ പ്രതിഫലമുണ്ട്. അവർക്ക് യാതൊരു ഭയവുമുണ്ടായിരിക്കില്ല. അവർ ദുഃഖിതരാവുകയുമില്ല. 2:275

ആയതിനാൽ, യഥാർത്ഥ മുസ്ലിംകൾ എന്ന നിലയിൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ എല്ലാ അംഗങ്ങളും, അവരുടെ സക്കാത്ത് കൊടുക്കുന്ന കാര്യം മറന്നുപോകരുത്. അല്ലാഹുവിനോടുള്ള അവരുടെ

കടമയാണ്. അവരുടെ ദീനിനോടുള്ള ഉത്തരവാദിത്വമാണ്. അതു മാത്ര മല്ല, ദൈവീകദൃഷ്ടാന്തം പുലരുന്ന ഈ നൂറ്റാണ്ടിൽ, നിങ്ങളിൽ നിന്ന് മറ്റെല്ലാതരത്തിലുള്ള സംഭവാനകളും അനിവാര്യമാണ്. നിങ്ങളുടെ ത്യാഗങ്ങൾ/സംഭാവനകൾ ജമാഅത്തിന്റെ പുരോഗതിക്ക് അനിവാ ര്യമാണ്. മസ്ജിദ്കൾ നിർമ്മിക്കേണ്ടതായിട്ടുണ്ട്! അല്ലാഹുവിന്റെ അനുഗ്രഹത്താൽ ലോകമെങ്ങും നമുക്കത് സ്ഥാപിക്കേണ്ടതായി ട്ടുണ്ട്.! അല്ലാഹുവിന്റെ മാർഗത്തിൽ ചെലവഴിക്കുന്ന ഒരു പൈസയും വ്യഥാവിലാകില്ല! ഇൻശാ അല്ലാഹ്! അതു ഈ ലോകത്തിലായാലും ശരി, വരും കാലജീവിതത്തിലായാലും ശരി. ഈ ത്യാഗങ്ങളുടെ ഫല ങ്ങൾ നിങ്ങൾ കാണുകതന്നെ ചെയ്യും! നിങ്ങളുടെ ത്യാഗങ്ങളുടെ ഫല ങ്ങൾ നിങ്ങൾ രുചിക്കുകതന്നെ ചെയ്യുന്നതാണ്. അല്ലാഹുവിന്റെ തൃപ്തി നിങ്ങളുടെ മേൽ അവൻ പ്രകാശിപ്പിക്കുക തന്നെ ചെയ്യുന്ന താണ്. ഇൻശാ അല്ലാഹ്!

ഇത്തരം ആളുകളിൽ നിങ്ങളെ ഓരോരുത്തരെയും അല്ലാഹു(ത) ആക്കിത്തീർക്കട്ടെ! സലാത്തിന്റെയും സക്കാത്തിന്റെയും, അതുപോ ലുള്ള മറ്റു ത്യാഗങ്ങളുടെയും വില അറിഞ്ഞവരായി, നിങ്ങളെ അല്ലാ ഹു(ത) മാറ്റട്ടെ! നിങ്ങളുടെ വിധിപ്രകാശപൂരിതമായിതീരട്ടെ, അല്ലാ ഹു(ത)യുടെ കാരുണ്യത്തിന്റെയും അംഗീകാരത്തിന്റെയും സുഗന്ധം നിങ്ങളിൽ ആപാദചൂടം ചൊരിയട്ടെ! ഇൻശാ അല്ലാഹ് ആമീൻ.

*Translated & Issued By :*
*R. Jamaludin Raother*
*Amir - Jamaat Ul Sahih Al Islam*
*South Zone - Kerala, India*
*Ph : 9447001832, 6238065545*
*E-mail : jamal.raother@gmail.com*
*Web : www.jamaat-ul-sahih-al-islam.com*
*Blog : www.sahih-al-islam.blogspot.in*